പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭ
ചോദ്യം നമ്പർ: 1996

05.10.2016 ൽ മറുപടിക്ക്

## ജലസ്രോതസ്സുകളുടെ മലിനീകരണവും കൈയ്യേറ്റവും

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.എ.എം.ആരിഫ്<br>,,ഐ.ബി.സതീഷ്<br>,, ഡി.കെ.മുരളി<br>,,എ.എൻ.ഷംസീർ | | മാത്യൂ.ടി.തോമസ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ജനവാസ കേന്ദ്രങ്ങളോട് ചേർന്നുള്ള ജലസ്രോതസ്സുകളായ തോടുകൾ, കനാലുകൾ, പുഴകൾ, നദികൾ എന്നിവ മലിനീകരണത്തോടൊപ്പം കൈയ്യേറ്റത്തിനും വിധേയമാകുന്നത് അറിഞ്ഞിട്ടും ബന്ധപ്പെട്ട വകുപ്പുകൾ ഇടപെടാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ; | (എ) | ജലസേചന വകുപ്പിന്റെ കീഴിലുള്ള ജലസ്രോതസുകളിൽ മലിനീകരണം, കൈയ്യേറ്റം എന്നിവ ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (ബി) ജലസ്രോതസ്സുകളുടെ മലിനീകരണവും കൈയ്യേറ്റവും തടയുന്നതിന് ഒരു പ്രത്യേക പദ്ധതിക്ക് രൂപം നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (ബി) | നിലവിൽ വ്യവസായ സ്ഥാപനങ്ങൾ, ആശുപത്രികൾ, പാർപ്പിട സമുച്ചയങ്ങൾ, വലിയ ഹോട്ടലുകൾ, റിസോർട്ടുകൾ ജലയാനങ്ങൾ എന്നീ സ്ഥാപനങ്ങളെ ജല നിയമം, 1974 പ്രകാരമുള്ള അനുമതി പരിധിയിൽ കൊണ്ടു വന്ന് ശാസ്ത്രീയമായ മലിനജല ശുദ്ധീകരണ സംവിധാനങ്ങൾ ഏർപ്പെടുത്തിച്ചും അതിന്റെ പ്രവർത്തനം ഇടയ്ക്കിടെ മോണിറ്റർ ചെയ്തും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ജലമലിനീകരണം നിയന്ത്രിച്ചുവരുന്നു. കൂടാതെ കേരള വാട്ടർ അതോറിറ്റി, ഇറിഗേഷൻ, റവന്യൂ എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥർ തദ്ദേശ |

സ്വയംഭരണ സ്ഥാപനങ്ങളുടെയും പൊതുജനങ്ങളുടെയും സഹകരണത്തോടെ നിരന്തര സ്ഥലപരിശോധനയിലൂടെയും ഇടപെടലുകളിലൂടെയും ജലസ്രോതസുകളിലെ മലിനീകരണവും കയ്യേറ്റവും തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. സർക്കാർ ഉത്തരവ് (പി)നം.16/14/പരിസ്ഥിതി തീയതി 12.12.2014 പ്രകാരം ജലസ്രോതസ്സുകളുടെ സമഗ്ര പാരിസ്ഥിതിക സംരക്ഷണത്തിനുള്ള വ്യക്തമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**